MALAYALAM
[Adisthana Paadavali]

STD-X
class-09

20/8/2020
THURSDAY

• അമ്മത്തൊട്ടിൽ എന്ന കവിതയുടെ ആശയം.

Ans) സമകാലിക കവികളിൽ ഏറ്റവും ശ്രദ്ധേയനായ കവിയാണ് റഫീക്ക് അഹമ്മദ്. ഒരു ചെറുകഥ പോലെ നമ്മുടെ മനസ്സിനെ സ്വാധീനിക്കുകയും അസ്വസ്ഥമാക്കുകയും ചെയ്യുന്നു അമ്മത്തൊട്ടിൽ എന്ന കവിത.

അമ്മത്തൊട്ടിലുകളും അനാഥാലയങ്ങളും വൃദ്ധമന്ദിരങ്ങളും പെരുകിവരുന്ന കേരളീയസാഹചര്യത്തെ അടയാളപ്പെടുത്തുന്ന കവിതയാണിത്. വൃദ്ധയായ അമ്മയും, മകനുമാണ് ഈ കഥയിലെ കഥാപാത്രങ്ങൾ. വാഹനത്തിൽ കയറ്റി അമ്മയെ എവിടെയെങ്കിലും ഉപേക്ഷിക്കാൻ പുറപ്പെടുന്ന മകന്റെ ചിത്രമാണ് കവി അവതരിപ്പിക്കുന്നത്. പലയിടത്തും അമ്മയെ ഉപേക്ഷിക്കുവാൻ ശ്രമിച്ചിട്ടും അതിനു കഴിയാതെ മനസ്സിൽ നീറലോടെ, കുറ്റബോധത്തോടെ അയാൾ നിലകൊള്ളുന്നു. തന്റെ കുട്ടിക്കാലവും പനിക്കാലവും വിദ്യാലയകാലവുമെല്ലാം അയാൾ ഓർക്കുന്നു. ഈ സന്ദർഭങ്ങളിലെല്ലാം അമ്മയാണ് തന്നെ സഹായിച്ചത്, പിന്തുണച്ചത്. അതിനുള്ള പ്രത്യുപകാരമായി താനെന്താണ് അമ്മയ്ക്ക് നൽകുന്നതെന്ന് മകൻ സ്വയം ചോദിക്കുന്നു. അപ്പോഴാണ് 'മടങ്ങാതെവയ്യ' എന്ന തീരുമാനത്തിൽ മകൻ എത്തിച്ചേരുന്നത്.

മക്കൾക്കുവേണ്ടി ജീവിച്ച മാതാപിതാക്കളെ വഴിയിൽ തള്ളുന്ന സമൂഹത്തെ ചോദ്യം ചെയ്യുകയാണ് കവി. വൃദ്ധരെ ഉപേക്ഷിക്കുന്ന ക്ഷേത്രത്തിനടിയിൽ നിന്ന് ഈശ്വരൻ ഇറങ്ങിപ്പോകും എന്നതാണ് സത്യം. ഒരിക്കൽ എല്ലാവരും വൃദ്ധരാകും എന്ന സത്യം വിസ്മരിക്കരുത് എന്ന താക്കീതുകൂടിയായി കവിത മാറുന്നു.

'അമ്മത്തൊട്ടിൽ' എന്ന കവിത അവതരിപ്പിക്കുന്നത് ഒറ്റപ്പെട്ട സംഭവമല്ല. ഇത്തരം സംഭവങ്ങൾ നാം നിത്യവും അറിയുന്നവയാണ്. നമ്മുടെ സമൂഹം മുതിർന്ന തലമുറയോട് എങ്ങനെ പെരുമാറുന്നു എന്നതിന്റെ സൂചനയാണ് കവി നൽകുന്നത്. ഉപയോഗം കഴിഞ്ഞ വസ്തുക്കളായി വൃദ്ധരെക്കാണുന്ന സംസ്കാരത്തെ കവി സൗമ്യമായി ചോദ്യം ചെയ്യുന്നു. നമ്മുടെ ഉള്ളിൽ നൊമ്പരമുണർത്തുന്ന ഈ കവിത സമകാലപ്രസക്തിയുള്ള ഒരു വിഷയം വായനക്കാരുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്.